# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 30/05/14

(30 RAJAB 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശഹ്ഹുദ്,തഅവ്വദ്,സൂറ:അൽഫാത്തിഹ ഓതിയ ശേഷം പറഞ്ഞു.

കേരളത്തിൽ കുഴപ്പം സൃഷ്ടിക്കാൻ ശ്രമിക്കുന്ന അഹ്മദീകുഴപ്പകാരിയുടെ വാദത്തെ ഇതിലൂടെ ഖണ്ഡിക്കുകയാണ്. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ എന്നനിലയിൽ, ഞാൻ നിങ്ങളോട് വീണ്ടും വിണ്ടും പറയുകയാണ്, അതായത് നമ്മുടെ ഈ കാലഘട്ടത്തിൽ, അല്ലാഹു (ത) ഈ ലോകത്തെ അവഗണിച്ചിട്ടില്ല. ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അവൻ സ്ഥാപിച്ചിരിക്കുന്നു അവനാണ് നിങ്ങളിൽ നിന്ന് ഒരാളെ തെരഞ്ഞെടുത്തയച്ചിരിക്കുന്നത്. അതായത് ഈ വിനീത സേവകനെ നിങ്ങളുടെ മുമ്പിൽ അവൻ അവതരിപ്പിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ വിനീതനായ ഈ ദാസൻ, നിങ്ങളുടെ മുമ്പിൽ ഇരിക്കുന്നു, നിങ്ങളോടു സംസരിക്കുന്നു , സത്യത്തിൽ നിങ്ങൾ ഭാഗ്യവാന്മാരാണ്, കാരണം ഉന്നതങ്ങളിൽ നിന്ന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്ന ഒരു നൂറ്റാണ്ടിലാണ് നിങ്ങൾ ജീവിച്ചുകൊണ്ടിരിക്കുന്നത്: വരൾച്ച ബാധിതമായ കാലത്ത് മഴവർഷിക്കുന്നതുപോലെ (അവന്റെ അനുഗ്രഹങ്ങൾ,ഇറങ്ങികൊണ്ടിരിക്കുന്നു.)

എന്നിൽ വിശ്വസിച്ച എല്ലാവരോടും ഞാൻ പറയുകയാണ്.അല്ലാഹുവിന്റെ ഒരു ദൂതന്റെ കാലഘട്ടത്തിൽ ജീവിക്കുവാൻ കഴിഞ്ഞു എന്നുള്ളതിൽ നിങ്ങൾ ഭാഗ്യവാന്മാരാണ്, അനുഗ്രഹീതരാണ്. ആയതിനാൽ നിങ്ങൾ കുടുതലായി പ്രാർത്ഥിക്കുക, സഹോദര്യം സ്ഥാപിക്കുക, നബി (സ) യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. സാഹോദര്യം ശക്തിപ്പെടുത്തുന്നതിനുള്ള ഏറ്റവും നല്ല വഴിയാണത്. നമ്മുടെ പ്രീയങ്കരരായ പ്രവാചകപ്രഭു മുഹമ്മദ് (സ) നമ്മെ പഠിപ്പിച്ചത്, അർഹമായ പരിഗണന നല്കിക്കൊണ്ട് നാം ഇത് ചെയ്യുമ്പോൾ, നിങ്ങൾ ചെയ്യുന്ന ദുആയുടെ മധുരമുള്ള ഫലങ്ങൾ നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും.

ഉഹ്ദ് യുദ്ധം നിങ്ങൾക്കൊരു പാഠമായിരിക്കട്ടെ, മുഹമ്മദ് മുസ്തഫ (സ) യുടെ കല്പനകളെ ചില മുസ്ലിംകൾ അനുസരിക്കാത്തതിന്റെ ഫലമായി ഉഹ്ദ് യുദ്ധത്തിലൂണ്ടായ ഭാഗിക പരാജയം നിങ്ങൾക്കൊരു ഗുണപാഠമായിരിക്കണം. ഒരു കുന്നിന്റെ മുകളിൽ മുഹമ്മദ്(സ) അവരെ നിർത്തി. എന്നിട്ട് പറഞ്ഞു, എന്തു തന്നെ സംഭവിച്ചാലും നിങ്ങൾ അവിടം വിട്ട് ചലിക്കരുത്. എന്നാൽ ശത്രുക്കൾ അവരുടെ നേരേ ആക്രമിക്കാൻ ആ വഴി വരുന്നില്ലാ എന്നു മനസ്സിലാക്കിയ കുന്നിൻ മുകളിൽ നിന്നവർ (ശത്രുക്കൾ പരാജയപ്പെട്ട് പിന്തിരിഞ്ഞു പോവുകയാണ് എന്ന് കരുതി) ഈ സാഹചര്യത്തിൽ പരിശുദ്ധ പ്രവാചകന്റെ കല്പനകൾക്ക് പ്രസക്തിയില്ല എന്നു ധരിച്ചു.ആയതിനാൽ, അവർ, നിർദ്ദേശിക്കപ്പെട്ട സ്ഥലം ഉപേക്ഷിച്ചു പോയി. മുഹമ്മദ് (സ) ന്റെ ഉത്തരവിനെ അക്ഷരം പ്രതി സ്വീകരിച്ചുകൊണട് അവൻ അവിടെ കുന്നിൻ മുകളിൽ തന്നെ നിന്നിരുന്നുവെങ്കിൽ, അവർക്ക് പരാജയം ഒന്നും സംഭവിക്കുമായിരുന്നില്ല. അച്ചടക്കത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം ബോധവാന്മാർ,ആയിരിക്കണം .അല്ലാഹുവിന്റെ ദൂതനെ അനുസരിക്കുന്ന കാര്യത്തിൽ നമ്മുടെ ഉത്തരവാദിത്വം വളരെ കുടുതലാണ്. നേട്ടങ്ങൾ കൊയ്യുവാൻ, വിജയങ്ങൾ ആഘോഷിക്കുവാൻ, പൂർണ്ണമായ ഭക്തി, പൂർണ്ണമായ സമർപ്പണം,പൂർണ്ണമായ അനുസരണം,ഇവ നാം അല്ലാഹു തെരഞ്ഞടുത്തയയ്ക്കുന്നവരോട് പുലർത്തേണ്ടിയിരിക്കുന്നു.

സത്യം വിജയിക്കുകതന്നെ ചെയ്യും. മുഹമ്മദ് (സ)ന്റെ ആഗമന കാലത്ത് ഇസ്ലാമിക സൂര്യൻ കത്തി ജ്വലിച്ചതുപോലെ ഒരിക്കൽ കൂടി അതു സംഭവിക്കും. ഈ സൂര്യൻ അതിന്റെ പരമകാഷ്ഠയിലെത്തും. ആദ്യകാലത്ത് പ്രശോഭിച്ചതുപോലെ പ്രശോഭിക്കും. നമ്മൾ, സഹീഹിൽ ഇസ്ലാം, ആത്മീയ രംഗത്തു വളരെ വലിയ

അധ്വാനങ്ങൾ ചെയ്യേണ്ടതുണ്ട്. നമ്മുടെ ധനത്യാഗം വിപുലീകരിക്കേണ്ടിവരും. വിശ്രമസമയങ്ങൾ ത്യാഗങ്ങൾക്കായി മാറ്റേണ്ടതുണ്ട്. അല്പം പോലും അധൈര്യപെടരുത്. നാം ധാരാളം അപമാനത്തിനും നിന്ദയ്ക്കും പാത്രീഭവിക്കേണ്ടി വരും. നമ്മിൽ നിന്നും വളരെ വലിയ ത്യാഗം ഇസ്ലാമിന്റെ നവോത്ഥാനത്തിന്നായി അതാവശ്യപ്പെടുന്നു. ഈ ത്യാഗം എന്താണ് ? അത് അല്ലാഹുവിന്റെപാതയിലുള്ള മരണമാണ്. ദൈവീകാധ്യാപനങ്ങൾക്കായുള്ള മരണം. ഇസ്ലാമിന്റെ ജീവിതം ഈ മരണത്തെ ആശ്രയിച്ചാണിരിക്കുന്നത്.

നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ)യുടെ മേൽ ശാത്രുക്കൾ ഇപ്പോഴും അനേകം ഉപദ്രങ്ങൾ ഏല്പിച്ചു കൊണ്ടിരിക്കുന്നു, ഹസ്യ ചിത്രീകരണത്തിന് പാത്രമാക്കുന്നു,അസഭ്യം പറഞ്ഞു കൊണ്ടിരിക്കുന്നു.കളളം പറഞ്ഞു കൊണ്ടിരിക്കുന്നു.അല്ലാഹു (ത) തന്റെ വിനീത സേവകനെ ഈ നൂറ്റാണ്ടിൽ നിയോഗിക്കുവാൻ സമയമായില്ലേ ?.അവർ ലോകത്തെ തെറ്റിലേക്ക് നയിക്കുകയാണ്. ഇപ്രകാരം ഇത് തുടരുവാൻ നാം അനുവദിച്ചാൽ നിശ്ചയമായും നാം അല്ലാഹുവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും.

ഈ കാര്യങ്ങൾ നന്നായി അറിയാമെന്നിരിക്കെ, നിങ്ങൾ മുസ്ലിംകൾ, ഇസ്ലാമിന് എതിരിലുള്ള ഈ ആക്രമണങ്ങളെ, നീക്കങ്ങളെ സഹായിക്കുകയാണോ ? പ്രവാചകർ (സ)നെ അപമാനിക്കുന്ന, അപകീർത്തിപ്പെടുത്തുന്ന ഈ ആളുകളെ വളരെയധികം സത്യവാന്മാരായി ലോകം കാണുന്നു. എന്റെ ഏറ്റവും വലിയ ആഗ്രഹം; എന്നെ ശല്യപ്പെടുത്തികൊണ്ടിരിക്കുന്ന ഒരു കാര്യം, ആ ചിന്ത എന്റെ ശരീരിമാസകാലം പ്രകമ്പനം കൊള്ളിക്കുന്നു, എനിക്കു അല്ലാഹു ആ ധൈര്യവും,ശക്തിയും പ്രദാനം ചെയ്തിരുന്നെങ്കിൽ -മുസ്ലിംകളെ മൊത്തത്തിൽ ഉയർത്തുവാൻ ഞാൻ കഠിനശ്രമം നടത്തുമായിരുന്നു, അഹ്മദി മുസ്ലിംകളെ പ്രത്യേകിച്ച് ,അവരുടെ ഇന്നത്തെ അപമാനകരമായ അവസ്ഥയിൽ നിന്നും ഔന്നത്യത്തിന്റെ സോപാനത്തിലേക്ക് നാം നയിക്കുമായിരുന്നു. പ്രപഞ്ചമാസകലം മുഹമ്മദ് (സ)ന്റെ  നാമം വ്യാപിക്കേണ്ടതാണ്. ഓരോ വ്യക്തിയും അദ്ദേഹത്തിന്റെ പേര് ആദരപൂർവ്വം സ്മരിക്കുകയും ,അദ്ദേഹത്തെ പുകഴ്ത്തുകയും ചെയ്യേണ്ടതാണ്. വിശുദ്ധഖുർആന്റെ യഥാർത്ഥ അധ്യാപനം ഭൂമിയിൽ വീണ്ടും സ്ഥാപിക്കേണ്ടിയിരിക്കുന്നു.ഞാൻ നിങ്ങളോട് ആത്മാർത്ഥമായി പറയുന്നു.എന്നിലെ ഓരോ അണുവും എന്നിലെ ഓരോശ്വാസവും ,ഈ ദൗത്യത്തിനുവേണ്ടിയുള്ളതാണ്. ഇൻശാ അല്ലാഹ് ,ഈ പാതയിൽ നിന്നു എന്നെ തടയുന്ന  ഒരു ശക്തിയും ഈ ഭൂമുഖത്തില്ല.വിഗ്രഹാരാധനയുടെയും ,നാസ്തികതയുടെയും അന്ധകാരത്തിൽ അനേകം ജനതകൾ ആപതിച്ചിരിക്കുകയാണ്. വിഗ്രഹാരാധനമൂലം വന്ന്ഭവിക്കാനിടയുള്ള അഭിശാപത്തിന് മുമ്പ്, ഹസ്രത്ത് മുഹമ്മദ് (സ) യുടെ , മനുഷ്യരാശിയുടെ ഏറ്റവും വലിയ ക്ഷേമാന്വേഷകന്റെ, സ്നേഹം അവരുടെ ഹൃദയങ്ങളിൽ തുളച്ചുകയറുന്നതിനു വേണ്ടി നാമൊരുപാട് പ്രാർത്ഥിക്കേണ്ടിരിക്കുന്നു. ഞാൻ ഒരുപാട് പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) എന്റെ ആഗ്രഹം പൂർത്തികരിച്ചുതരുമെന്ന് കരുതുന്നു. ഇസ്ലാം , ജമാ അത്തുസ്സഹീഹിൽ ഇസ്ലാം , ലോകത്തിന്റെ എല്ലാ ഭാഗത്തും വളരെപെട്ടെന്ന് വ്യാപിക്കുന്നതിനു വേണ്ടി പ്രർത്ഥിക്കുന്നു എല്ലാവരും അതുമായി ബന്ധപ്പെടുമെന്നുകരുതുന്നു. അദ്ദ്വിതീയനായ ദൈവത്തിന്റെ ബാനറിൻ കീഴിൽ നമുക്ക് അണിനിരക്കാം. ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും അല്ലാഹു അക്ബർ എന്ന തക്ബീർ ധ്വനികൾ മുഴങ്ങട്ടെ, അതിന്നായി നാം എല്ലാവരും പ്രാർത്ഥിക്കണം. അല്ലാഹുവിന്റെ പ്രതിനിധിയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറയുമ്പോൾ, ആത്മർത്ഥതയില്ലാത്തതും, ശൂന്യവുമായ വാക്കുകളായിരിക്കരുത്. എന്നാൽ ആ വാക്കുകൾ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നായിരിക്കണം വരേണ്ടത്.

തന്റെ സ്യഷ്ടാവിന്റെ അനുഗ്രഹങ്ങൾ പൂർണ്ണമായി നേടുന്നതിനുമുമ്പായി , ഒരു യഥാർത്ഥവിശ്വാസി കഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നു പോകേണ്ടതായിട്ടുണ്ട്. പരീക്ഷണങ്ങൾ എത്രത്തോളം കഠിനതരമാണോ, അത്രത്തോളം പ്രതിഫലം കുടുതലായിരിക്കും. ലോകത്തിന്റെ നാനാ ഭാഗത്തും സഹീഹിൽ ഇസ്ലാമിന്റെ സന്ദേശം വ്യാപിപ്പിക്കുന്നതിന് സാമ്പത്തിക ത്യാഗങ്ങൾ വരിക്കുവാൻ മുത്തഖീങ്ങൾക്ക് ഒരു പ്രയാസവും ഉണ്ടാവുകയില്ല, അവൻ ആ വിശ്വാസി തന്റെ ജീവിതവും, സമയവും മാന്യതയും സഹീഹിൽ ഇസ്ലാമിനു വേണ്ടി ത്യാഗം ചെയ്യുവാൻ സദാ സന്നദ്ധനായിരിക്കും .

ഇന്നിപ്പോൾ, ലോകത്തിലെ എല്ലാ ദുഖണ്ഡങ്ങളിലും, വിവിധ മത വിഭാഗങ്ങളിലെ മിഷണറിമാർ ഇസ്ലാമിനെ തൂത്തെറിയുവാൻ നേതൃത്വം കൊടുക്കുകയാണ്. മുസ്ലിംകൾ വിശുദ്ധഖുർആനെ ഒരു അടഞ്ഞഗ്രന്ഥമായി കണക്കാക്കിയിരിക്കുകയാണ്. നമ്മുടെ പ്രേമഭാജനമായ മുഹമ്മദ് (സ)യുടെയും വാഗ്ദത്തമഹ്ദി (അ) യുടെയും - ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ വിനീത സേവകനായ,ഖലീഫത്തുല്ലാ ആയ,ഈ വിനീതന്റെയും ആഗമനത്തോടെ, വിശുദ്ധഖുർആനെ വീണ്ടും ലോക ജനതയ്ക്കായി തുറന്നിരിക്കുകയാണ്, പ്രത്യേകിച്ച് മുസ്ലിംകൾക്ക്, അതിൽ പ്രത്യേകിച്ച് അഹ്മദീ മുസ്ലിംകൾക്ക്, അവർ ഭാഗ്യവാന്മാരായിരിക്കുന്നു, കാരണം ഈ പരിശുദ്ധ ഗ്രന്ഥത്തിന്റെ അടഞ്ഞു കിടന്ന മഹത്തായ അറിവുകൾ അവർക്ക് സ്വീകരിക്കുവാൻ കഴിഞ്ഞിരിക്കുന്നു. ലോകത്തിലെ ഒരാൾക്കും ഒരു എതിരഭിപ്രായം കൊണ്ടുവരുവാൻ സാദ്ധ്യമല്ല, കാരണം ഖുർആനെ പ്രതിരോധിക്കുവാൻ , അതിനകത്തു തന്നെ, മൂല്യാധിഷ്ഠിത ന്യായവാദങ്ങളുണ്ട് എന്നത് അത്ഭുതാവഹമായ കാര്യമാണ്. ലോകം മുഴുവൻ ഒന്നിക്കുകയും, എന്നിട്ട് ഇസ്ലാമിനെതിരിൽ വാദമുഖങ്ങൾ ഉന്നയിക്കുകയും ചെയ്താലും, ആ വിശുദ്ധഗ്രന്ഥത്തിന് അവരെ നേരിടുവാനും പ്രതിരോധിക്കുവാനുമുള്ള മൂല്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ഞാൻ ഒരിക്കൽകൂടി ആവർത്തിക്കുകയാണ്. നിശ്ചയമായും ഇസ്ലാം മാത്രമായിരിക്കും ലോകത്ത് വിജയിക്കുന്ന ഒരേ ഒരു മതം. സൂര്യനും നക്ഷത്രങ്ങളും അവയുടെ പാതവിട്ടു മാറാം, ഭൂമി കറങ്ങാതിരിക്കാം, എന്നാൽ വിജയത്തിലേക്കുള്ള ഇസ്ലാമിന്റെ കുതിപ്പ് തടയുവാൻ ഒരാൾക്കും സാധ്യമല്ല. നമ്മുടെ ചുമലുകളിൽ വളരെ വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ട്,ഇക്കാര്യം നമ്മുടെ സന്തോഷാഹ്ളാദ അവസരങ്ങളിൽ ഓർത്തിരിക്കേണ്ടതാണ്.

ഇസ്ലാമിന്റെ വിജയത്തെപ്പറ്റി ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ, നിങ്ങളിലോരോരുത്തരും സകലതും ത്യജിക്കുവാൻ സദാസന്നദ്ധരായിരിക്കണം. പ്രത്യകിച്ച് ഖലീഫത്തുല്ലായുമായി നിങ്ങൾ ഏർപ്പെട്ടിരിക്കുന്ന കരാർ പൂർത്തീകരിക്കുവാൻ, ആ കരാർ ദൃഢതരമായിരിക്കണം. ഖലീഫത്തുല്ലായ്ക്കെതിരിൽ ഏതുനിലയുള്ള ആക്രമണണുണ്ടായാലും, അത് എത്രശക്തിമത്തായാലും, നിങ്ങൾ ഖലീഫത്തുല്ലായുമായി ചെയ്തിരുക്കുന്ന കരാറിന് ഭംഗമുണ്ടാകുവാൻ പാടില്ല. നിങ്ങൾ ഉറച്ചുതന്നെ നില്ക്കണം. ഖലീഫത്തുല്ലായുമായുള്ള നിങ്ങളുടെ ബൈഅത്തിൽ ദൃഢമായി തന്നെ നിലനില്ക്കണം. നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഒരു ദൃഢപ്രതിജ്ഞയാണ് ചെയ്തിരിക്കുന്നത് എന്ന്. ഇത് അർത്ഥമാക്കുന്നതു നിങ്ങൾക്ക് നിങ്ങളുടേതായ യാതൊരു അഭിലാഷങ്ങളുമില്ല. സകലതും അല്ലാഹുവിന്റെ കൈകളിൽ ഏല്പിച്ചിരിക്കുകയാണ്, നിങ്ങൾ ഈ പ്രതിജ്ഞ ചെയ്തു കഴിഞ്ഞതാണ്. ബൈ അത്ത് സംബന്ധമായി അല്ലാഹു (ത) പറയുന്നു, **അവരുടെ കൈകളുടെ മുകളിൽ, അല്ലാഹുവിന്റെ കയ്യായിരുന്നു.** ഇപ്പോൾ അല്ലാഹുവിന്റെ കൈകളിൽ നിന്നും നിങ്ങളുടെ കൈകൾ മാറ്റുവാൻ നിങ്ങളിൽ ആരാണ് ആഗ്രഹിക്കുന്നത്. എന്നിട്ട് നിങ്ങളുടെ കൈകൾ അല്ലാഹു അല്ലാത്തവരെ ഏല്പിക്കുകയാണോ ?

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ചെലവഴിക്കുന്ന ധനത്തെപ്പറ്റി മൂന്നുകാര്യങ്ങൾ, ഞാൻ, നിങ്ങളോടു പറയുകയാണ്.

(1) ഒരു നല്ലകാര്യത്തിന്നായി, നിങ്ങൾ ധനം ചെലവഴിക്കുമ്പോൾ, നിങ്ങൾ ഇത് ചെയ്യുന്നത്, സന്തോഷഭരിതമായ ഹൃദയത്തോടെയായിരിക്കും, അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടായിരിക്കും. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആയിരിക്കും അത് ചെയ്യുന്നത് ഹൃദയഭാരത്തോടെ, ബുദ്ധിമുട്ടോടെയായിരിക്കില്ല നിങ്ങൾ ഇത് ചെയ്യുന്നത്. ഇങ്ങനെ ചെയ്യുന്നതു കൊണ്ട് നിങ്ങൾ ദരിദ്രരായിതീരും എന്നും കരുതുന്നില്ല.

(2) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ എന്തെങ്കിലും തിരിച്ചുകിട്ടും എന്ന പ്രതീക്ഷ വെച്ചുപുലർത്താതിരിക്കുക. സ്വാർത്ഥത വെടിഞ്ഞായിരിക്കണം ചെലവഴിക്കേണ്ടത്. അതുപോലെ നിങ്ങൾ കരുതേണ്ടത്, അല്ലാഹു നിങ്ങൾക്ക് ഒരവസരം തന്നിരിക്കുന്നു. അവന്റെ വഴിയിൽ ചെലവഴിക്കുവാനുള്ള ഒരവസരം! അതിൽ നിങ്ങൾ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കണം. ഭൂമിയിലെ അനേകം അവന്റെ സൃഷ്ടികളിൽ നിന്നും നിങ്ങളെ അവന്റെ വഴിയിൽ ചെലവഴിക്കുവാൻ തെരഞ്ഞെടുത്തിരിക്കുന്നു. ഇതിനു വേണ്ടി അല്ലാഹു തെരഞ്ഞടുത്ത നിങ്ങൾ എത്ര ഭാഗ്യവാന്മാരാണ് ?

**(3)** നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്ന എന്തും ഹലാലായതായിരിക്കണം. ഹറാമായ ഒന്നും അതിൽപെടരുത്. അത് നിങ്ങൾ കഠിനാധ്വാനത്തോടെ നേടിയതായിരിക്കണം. നമ്മുടെ, സൃഷ്ടാവിനോട് നമുക്ക് നന്ദി പ്രകടിപ്പിക്കുവാൻ ഹലാലായ അധ്വാനം അനിവാര്യമാണ്.

ഒരു പള്ളി അല്ലാഹുവിന്റെ ഭവനമാണ്. നമ്മുടെ പ്രിയങ്കരരായ മുഹ്മ്മദ് (സ) പറഞ്ഞു. ഭൂമയിൽ അല്ലാഹുവിന്റെ ഭവനം ഒരാൾ നിർമ്മിച്ചാൽ, അല്ലാഹു (ത) അവന് വേണ്ടി ഒരു ഭവനം സ്വർഗ്ഗത്തിൽ നിർമ്മിക്കുന്നതാണ്.

ഇസ്‌ലാം ലോകത്തിന്റെ കോണുകളോളം വ്യാപിപ്പിക്കുന്നതിനും, മഹത്വവത്ക്കരിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള പ്രഥമപടിയാണ് പള്ളിനിർമ്മാണം. ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിൽ ഇതില്ലാതെ, നമ്മളിൽ ഏക ഭാവന ഉണ്ടാവുകയില്ല. ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും ഇസ്‌ലാമിന്റെ വിജയത്തിനായി നാം നിഷ്കളങ്ക ഹൃദയത്തോടെ പ്രാർത്ഥിക്കണം. എവിടെയെല്ലാം ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം ഔദ്യോഗികമായി സ്ഥാപിച്ചിട്ടുണ്ടോ, അവിടെയെല്ലാം വളരെ വളരെ പ്രധാനപ്പെട്ട കാര്യമാണ് പള്ളിയുണ്ടായിരിക്കുക എന്നത്. ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാം സ്ഥാപിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളും, പരസ്പരം സഹകരിക്കുകയും, നമ്മുടെ പള്ളി നിർമ്മാണത്തിന് സംഭാവനകൾ നല്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, കേരളത്തിൽ തെക്ക് ഭാഗത്തുള്ള, അമീർ ജമാലുദ്ദീൻ സാഹിബ്, അദ്ദേഹത്തിന്റെ ഒരു ഭാഗം സ്ഥലവും കെട്ടിടവും ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന് നൽകുകയുണ്ടായി. അത് പുനരുദ്ധരിക്കുകയും ചെയ്യുന്നു. അങ്ങനെ അവിടം ഒരു കേന്ദ്രമായി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു പള്ളി, ലൈബ്രറി, ജമാ അത്തിന്റെ ഇതര പരിപാടികളെല്ലാം അവിടെ നടക്കുന്നു. അൽ ഹംദുലില്ലാഹ് വടക്കൻ കേരളത്തിലെ അമീർ ഡോ. താഹിർ സാഹിബിനോടും ഇത്തരത്തിലൊരു കേന്ദ്രത്തിനുവേണ്ടി പരിശ്രമിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇൻശാ അല്ലാഹ്! ഡൽഹിയിൽ മുകർറം ഫസിൽ ജമാൽ സാഹിബ് ഉണ്ട്, തമിഴ്നാട്ടിൽ നമ്മുടെ സഹോദരൻ സാദിക്ക് അലി സാഹിബ് ഉണ്ട്. (തമിഴ്നാട്ടിൽ മറ്റ് പല അനുയായികളും ഉണ്ട്.) ഇപ്പോൾ ഇവരൊക്കെ അവരുടെ വീടുകളെ പള്ളികളാക്കി മാറ്റിയിരിക്കുകയാണ്. ഇൻശാ അല്ലാഹ് ഈ കേന്ദ്രങ്ങളിലും നമ്മുടെ ജമാ അത്തു സെന്ററുകളും പള്ളികളും ഉണ്ടാകുന്നതാണ്. പ്രവർത്തനങ്ങളും ത്യാഗങ്ങളും ഉണ്ടായാൽ ഇൻശാ അല്ലാഹ് ! അവരിൽ അല്ലാഹുവിന്റെ അനുഗ്രങ്ങൾ ചൊരിയുന്നതാണ്. ഭാവിയിൽ അല്ലാഹു (ത) വിജയത്തിലെത്തിക്കുന്നതാണ്.

**കോമറോസിൽ**, ജമാ അത്തുസ്സഹീഹിൽ ഇസ്‌ലാമിന്, വലിയ അളവിൽ സ്ഥലം ഒരു ഗ്രാമത്തിൽ ലഭിച്ചിട്ടുണ്ട്. അവിടുത്തെ ആളുകളും മേയറും എന്റെ സാന്നിദ്ധ്യത്തിൽ 2013 ജൂൺ മാസത്തിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. അവിടെ ഒരു പള്ളിയും, മദ്രസയും നിർമ്മിക്കുന്നതിന്, ഞാനും ഒരു ഭക്തനായ അനുയായിയും ശ്രമത്തിലേർപ്പെട്ടിരിക്കുകയാണ്. **മൊറോണിയിലും** ഒരു പള്ളിനിർമ്മാണത്തിന് തറക്കല്ലിടാൻ പോകേണ്ടതായിട്ടുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന് **പെട്ടീട്ടെ – ടെറെയിൽ** ഒരു സ്ഥലമുണ്ട്. **മയോട്ടി**യിലെ എന്റെ സന്ദർശന സമയത്ത്, പള്ളി നിർമ്മാണത്തിനായി അവിടെ തറക്കല്ലിടുകയുണ്ടായി. അര ഏക്കർ സ്ഥലം മതിൽ കെട്ടുകയുണ്ടായി. പണത്തിന്റെ അഭാവംമൂലം ആ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ആയതിനാൽ നമ്മുടെ സഹോദരീ സഹോദരന്മാർക്ക് നമസ്ക്കരിക്കുവാനും, മദ്രസാ പ്രവർത്തനത്തിനും മറ്റും പ്രയാസമനുഭവിക്കുകയാണ്. **മയോട്ടി**യിൽ **ഗ്രാൻടെ ടെറെയിൽ** ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിന് ഒരു വലിയ സ്ഥലം ലഭിച്ചിട്ടുണ്ട്. പള്ളി, മദ്രസ്സ, ലൈബ്രറി, മിഷൻ ഹൗസ്, ഹാൾ ഇവ നിർമ്മിക്കുവാനുള്ള ശ്രമത്തിലാണ്. എല്ലാ വിവരങ്ങളും അറിയിച്ചതനുസരിച്ച് അംഗീകാരം നൽകുകയുണ്ടായി. ഇത് സംബന്ധമായി എല്ലാ രേഖകളും എന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. തടികൊണ്ടുള്ള ഒരു നമസ്ക്കാര സ്ഥലം മാത്രമേ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ.

**റീ യൂണിയൻ ദ്വീപിലും**, ജമാഅത്തു ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അംഗങ്ങൾ എല്ലായിടത്തുമുണ്ട്. നമുക്ക് ഒരു സ്ഥലം ഇതുവരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. പള്ളി നിർമ്മിക്കുന്നതിനായി. ഒരു വീട് വാടകയ്ക്ക് എടുക്കുവാനും കഴിഞ്ഞിട്ടില്ല. പ്രാർത്ഥനയ്ക്കായി. ഒരു അംഗത്തിന്റെ വീട്ടിലാണ് നമസ്ക്കാരം നടക്കുന്നത്. അതും വളരെ ചെറിയ വീടാണ്. തീർച്ചയായും അദ്ദേഹത്തിന്റെ ഹൃദയം വലുതു തന്നെയാണ്. ഈ പ്രശ്നം ഇപ്പോഴും അവിടെ നിലനിൽക്കുന്നു.

**മെഡഗാസ്ക്കറിലും** നമ്മുടെ ജമാഅത്തു ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജും ആ നമസ്ക്കാരം തടികൊണ്ടുള്ള ഒരു വീട്ടിൽ നടക്കുന്നുണ്ട്. ഒരു അംഗത്തിന്റെ വീടാണ് അത്. ഒരു സാധുവായ മനുഷ്യനാണ്. ഒരു സ്ഥലം കണ്ടെത്തേണ്ടതുണ്ട്. അവിടെ ഒരു പള്ളിയും വെയ്ക്കേണ്ടതുണ്ട്.

**റോഡ്ഡ്രിഗ്വൂസിൽ** അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഒരു ചെറിയ സ്ഥലം വാങ്ങുന്നതിൽ വിജയിച്ചിട്ടുണ്ട്. നിർമ്മാണമൊന്നും ആരംഭിച്ചിട്ടില്ല. നമുക്കു മറ്റ് രാജ്യങ്ങളിലും സത്യാന്വേഷകർ ഉണ്ട്, ബൈ അത്തു ചെയ്തവരും ഉണ്ട്. ഈ വിനീതനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നവരുമുണ്ട്. എന്നാൽ ജമാഅത്ത് ഔദ്യോഗികമായി രജിസ്റ്റർ ചെയ്തിട്ടില്ല. ആദ്യമായി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഈ രാജ്യങ്ങളിലും സ്ഥലം വാങ്ങണം പള്ളി നിർമ്മാണം ആരംഭിക്കണം.

സ്ഥലം വാങ്ങുകയും പള്ളി നിർമ്മാണം നടത്തുകയും ചെയ്യുന്നതിനോടൊപ്പം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് അൽ അസീം തഫ്സീറുൽ ഖുർ ആൻ പ്രസിദ്ധീകരിക്കണം. നാം നമ്മുടെ മിഷനറിമാർക്കും രൂപം നൽകേണ്ടതുണ്ട്. നമുക്കൊരു മിഷനറി സ്കൂൾ വേണം. ഒരു വിജ്ഞാന ഭവൻ, ഒരു ദഅ്വ അക്കാദമി ഇവയും വേണം. ഈ രാജ്യങ്ങളിലേക്ക് മിഷനറിമാരെ ഇൻശാ അല്ലാഹ് നിയോഗിക്കുന്നതാണ്. ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം രജിസ്റ്റർ ചെയ്ത ഓരോ രാജ്യത്തും കുറഞ്ഞത് ഒരു പള്ളിയെങ്കിലും സ്ഥാപിക്കുന്നതു വരെ നമുക്ക് വിശ്രമിക്കുവാൻ സമയമില്ല. കാരണം പള്ളിയില്ലാത്തതുമൂലം അവരുടെ ജും ആ, നമസ്ക്കാരം, ജമാ അത്തു പ്രവർത്തനങ്ങൾ, മദ്രസാ പ്രവർത്തനം ഇവയൊന്നും നല്ല നിലയിൽ നടത്തുവാൻ കഴിയുന്നില്ല. ഇത് നമുക്കു വളരെ പ്രയാസമുണ്ടാക്കുന്നതാണ്. ആയതിനാൽ ഇതിനായി വളരെയധികം ദുആ ചെയ്യുക. ഈ പ്രവർത്തനങ്ങളിലൂടെ ഇൻശാ അല്ലാഹ് ! അഞ്ചു നേരപ്രാർത്ഥനയ്ക്കായി ബാങ്ക് കൊടുക്കുവാനും അങ്ങനെ ഇസ്ലാമിന്റെ വിജയം ഈ രാജ്യങ്ങളിലൂടെ പ്രതിധ്വനിക്കട്ടെ. !

അല്ലാഹുവിന്റെ വിനീത ദാസന്റെ നിർദ്ദേശങ്ങൾ തങ്ങളുടെ ഉത്തരവാദിത്വങ്ങളായി ഏറ്റെടുത്ത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള അനുയായികൾ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ അംഗങ്ങൾ, പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇതിലൂടെ വളരയധികം പ്രതിഫലങ്ങൾ കരസ്ഥമാക്കുവാനും ഇസ്ലാമിന്റെ മഹത്തായ വിജയം ആർജ്ജിക്കുവാനും സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ് !. ആമീൻ.


Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************